**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5535** **24-03-2025 - ൽ മറുപടിയ്ക്ക്**

**അച്ചടി വകുപ്പിലെ ബൈ ട്രാൻസ്ഫർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അച്ചടിവകുപ്പിൽ ടെക്നിക്കൽ വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണുള്ളത്; ഇവയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അച്ചടി വകുപ്പിൽ ടെക്നിക്കൽ വിഭാഗത്തിൽ 86 തസ്തികകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ എട്ടു വർഷങ്ങളിലയി അച്ചടി വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിൽ എത്ര തസ്തികയിലാണ് നിയമനം നടത്തിയത്; ഇതിൽ നേരിട്ടുള്ള നിയമനം, ബൈ ട്രാൻസ്ഫർ നിയമനം എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നേരിട്ടുള്ള നിയമനം -365<br><br>ബൈ ട്രാൻസ്ഫർ നിയമനം -162<br><br>8 വർഷങ്ങളിലായി ടെക്നിക്കൽ വിഭാഗത്തിൽ നിയമനം നടത്തിയ തസ്തികകളുടെ എണ്ണം - 527 |
| (സി) | സ്പെഷ്യൽ റൂൾസ് പ്രകാരമോ, എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിൽ അധികം ബൈ ട്രാൻസ്ഫർ നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ആയത് 10 ശതമാനം ആയി അതത് വകുപ്പുകൾ സ്പെഷ്യൽ റൂളിൽ അടിയന്തരമായി ഭേദഗതി വരുത്തണമെന്നുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് നിലനിൽക്കെ, ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അച്ചടി വകുപ്പിൽ ലാസ്കർ, കൗണ്ടർ, പാക്കർ എന്നീ ക്ലാസ് ഫോർ ജീവനക്കാർക്ക് എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികളിൽ 10% നൽകുന്നതിന് പുറമെ ടെക്നിക്കൽ തസ്തികയിലേക്ക് 50% ബൈ ട്രാൻസ്ഫർ നിയമനം കൊടുക്കുന്നത്; ഇത് സംവരണം പാലിച്ചാണോ നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (സി) | 03/01/2014 ലെ സ.ഉ (പി) നമ്പർ 01/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിനാണ് 10% നിജപ്പെടുത്തി ഉത്തരവായിട്ടുള്ളത്. എന്നാൽ എല്ലാവിധ ബൈട്രാൻസ്ഫർ നിയമനങ്ങളും 10% ആയി നിജപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഉത്തരവുകൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടില്ല. അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം തസ്തികയിലേക്കുള്ള നിയമന രീതിയും യോഗ്യതയും നിഷ്കർഷിച്ചിരിക്കുന്നത് 30.09.2016ലെ ജി.ഒ.(പി) നം. 19/2016/ഉ.വി.വ, ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനങ്ങൾ നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ

## **അനുബന്ധം**

<table>
<tr><th>തസ്തിക</th><th>ഒഴിവ്</th><th>സ്വീകരിച്ച നടപടി</th></tr>
<tr><td>സീനിയർ ഫോർമാൻ (കംപോസിംഗ്)</td><td>05</td><td rowspan="3">കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ കോടതി ഉത്തരവുകൾക്ക് വിധേയമായി മാത്രമേ സ്ഥാനക്കയറ്റ ഒഴിവുകൾ നികത്തുവാൻ സാധിക്കുകയുള്ളൂ.</td></tr>
<tr><td>ജൂനിയർ ഫോർമാൻ (കംപോസിംഗ്)</td><td>10</td></tr>
<tr><td>അസിസ്റ്റന്റ് ഫോർമാൻ (കംപോസിംഗ്)</td><td>22</td></tr>
<tr><td>ഡിറ്റിപി ഓപ്പറേറ്റർ ഗ്രേഡ് II</td><td>03</td><td>ഒഴിവുകൾ നികത്തുന്ന നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>സീനിയർ ഫോർമാൻ</td><td>01</td><td rowspan="8">സ്ഥാനക്കയറ്റ നിയമനത്തിനുള്ള ഒഴിവുകൾ– ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും, ബഹു. ഹൈക്കോടതിയിലും നിലനിൽക്കുന്ന സ്റ്റേ നീക്കം ചെയ്യുന്നമുറയ്ക്ക് സ്ഥാനക്കയറ്റ നിയമനങ്ങൾ നടത്തുന്നതാണ്.</td></tr>
<tr><td>ജൂനിയർ ഫോർമാൻ</td><td>03</td></tr>
<tr><td>അസിസ്റ്റന്റ് ഫോർമാൻ</td><td>01</td></tr>
<tr><td>സീനിയർ ഗ്രേഡ് പ്രിന്റർ</td><td>11</td></tr>
<tr><td>സൂപ്പർവൈസർ (ഓഫ് സെറ്റ്)</td><td>01</td></tr>
<tr><td>സീനിയർ ഗ്രേഡ് ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ</td><td>02</td></tr>
<tr><td>ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I</td><td>02</td></tr>
<tr><td>ജൂനിയർ സൂപ്പർവൈസർ</td><td>01</td></tr>
<tr><td>ചീഫ് വെയർഹൗസ്മാൻ</td><td>01</td><td rowspan="3">22/10/2001 – ലെ സ.ഉ.(പി) 1208/2001/ധന ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ അബോലിഷ് ചെയ്യേണ്ടതാണെന്നുള്ളതിനാൽ,</td></tr>
<tr><td>വെയർഹൗസ്മാൻ സീനിയർ ഗ്രേഡ്</td><td>02</td></tr>
<tr><td>വെയർഹൗസ്മാൻ ഗ്രേഡ് I</td><td>04</td></tr>
</table>

| | | |
|---|---|---|
| വെയർഹൗസ്മാൻ ഗ്രേഡ് II | 05 | അച്ചടി വകുപ്പിനുകീഴിലുള്ള വിവിധ സർക്കാർ പ്രസ്സുകളിൽ 1997-1998 കാലയളവു മുതൽ ഒഴിഞ്ഞു കിടക്കുന്ന രണ്ടാം ഗ്രേഡ് വെയർഹൗസ്മാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായിട്ടുള്ള അനുമതി നൽകാൻ ആകില്ലെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| പ്ലേറ്റ് മേക്കർ ഗ്രേഡ് II | 03 | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| പേസ്റ്റ് അപ്പ് ആർട്ടിസ്റ്റ് ഗ്രേഡ് II | 04 | |
| ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II | 01 | |
| റീ-ടച്ചിംഗ് ആർട്ടിസ്റ്റ് ഗ്രേഡ് I | 01 | എൻട്രി കേഡറിൽ (റീ-ടച്ചിംഗ് ആർട്ടിസ്റ്റ് ഗ്രേഡ് II) ജീവനക്കാരില്ലാത്തതിനാൽ ഒഴിവ് നികത്താൻ കഴിയില്ല. |
| റീ-ടച്ചിംഗ് ആർട്ടിസ്റ്റ് ഗ്രേഡ് II | 03 | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| രണ്ടാം ഗ്രേഡ് ലാസ്കർ | 02 | |
| രണ്ടാം ഗ്രേഡ് കൗണ്ടർ | 01 | |
| രണ്ടാം ഗ്രേഡ് പായ്ക്കർ | 02 | ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഒന്നാം ഗ്രേഡ് കൗണ്ടർ | 02 | ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| രണ്ടാം ഗ്രേഡ് ഗേറ്റ് കീപ്പർ | 01 | |
| സീനിയർ ഫോർമാൻ (ബൈന്റിംഗ്) | 04 | കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ കോടതി ഉത്തരവുകൾക്ക് വിധേയമായി മാത്രമേ സ്ഥാനക്കയറ്റ ഒഴിവുകൾ നികത്തുവാൻ സാധിക്കുകയുള്ളൂ. |
| ജൂനിയർ ഫോർമാൻ (ബൈന്റിംഗ്) | 01 | |

| | | |
|---|---|---|
| രണ്ടാം ഗ്രേഡ് ബൈൻഡർ | 76 | ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| അസിസ്റ്റന്റ് സൂപ്രണ്ട് (ഓഫ് സെറ്റ്) | 01 | ബഹു. കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ നീക്കം ചെയ്യുന്നമുറയ്ക്ക് സ്ഥാനക്കയറ്റ നിയമനങ്ങൾ നടത്തുന്നതാണ്. |
| അസിസ്റ്റന്റ് സൂപ്രണ്ട് (റീ-പ്രൊഡക്ഷൻ) | 01 | |
| അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ/ഷിഫ്റ്റ്) | 05 | |
| രണ്ടാം ഗ്രേഡ് റീഡർ | 03 | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| രണ്ടാം ഗ്രേഡ് റീഡർ | 08 | കോപ്പി ഹോൾഡർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് രണ്ടാം ഗ്രേഡ് റീഡർ തസ്തിക. എന്നാൽ നിലവിലുള്ള 2016 ലെ സ്പെഷ്യൽ റൂളിൽ കോപ്പി ഹോൾഡർ തസ്തിക ഉൾപ്പെട്ടിട്ടില്ല. കോപ്പി ഹോൾഡർ തസ്തിക രണ്ടാം ഗ്രേഡ് റീഡർ തസ്തികയുടെ ഫീഡർ കാറ്റഗറിയായി ഉൾപ്പെടുത്തുന്നതിനുവേണ്ടി വിശേഷാൽചട്ടം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| കോപ്പി ഹോൾഡർ (തമിഴ്) | 01 | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| കോപ്പി ഹോൾഡർ (കന്നഡ) | 01 | |
| കോപ്പി ഹോൾഡർ (ഹിന്ദി) | 01 | |
| ടെക്നീഷ്യൻ ഗ്രേഡ് II | 05 | |
| ടെക്നീഷ്യൻ ഗ്രേഡ് II | 04 | ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ടൈം കീപ്പർ | 01 | |
| അസിസ്റ്റന്റ് ടൈം കീപ്പർ | 08 | പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| കംപ്യൂട്ടർ ഗ്രേഡ് II | 03 | |
| ജനറൽ ഫോർമാൻ | 07 | കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാൽ കോടതി ഉത്തരവുകൾക്ക് വിധേയമായി മാത്രമേ സ്ഥാനക്കയറ്റ ഒഴിവുകൾ നികത്തുവാൻ സാധിക്കുകയുള്ളൂ. |